

# ഗവ.എം.ജി.എച്ച്.എസ്.എസ്
## ചടയമംഗലം



# വിസ്മയം
## ഡിജിറ്റൽ മാഗസിൻ 2024









ജില്ല
കൊല്ലം



വിദ്യാഭ്യാസജില്ല
പുനലൂർ



ഉപജില്ല
ചടയമംഗലം



**ച**ടയമംഗലത്തിന്റ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതും തലമുറകൾക്ക് അറിവ് പകർന്ന് നൽകിവരുന്നതുമായ ഒരു വിദ്യാലമാണ് ഗവ എം ജി എച് എസ് എസ് ചടയമംഗലം. ഈ നാട്ടിലെ വിദ്യാഭാസ പ്രക്രിയ സ്വകാര്യ മാനേജ്മെൻറ് കുത്തകയാക്കി വെച്ചിരുന്ന കാലത്ത് 1960ൽ ഒരു കൂട്ടം അധ്യാപകരും വിജ്ഞാനത്തെ സ്നേഹിക്കുന്ന നാട്ടുകാരും യുവജനങ്ങളും  നടത്തിയ ത്യാഗപൂർണമായ പ്രവർത്തനത്തിലൂടെയാണ് പഞ്ചായത്തിന്റെ പിന്തുണയോടെ ഈ വിദ്യാലയം സ്ഥാപിതമായത്. ധ്രുതഗതിയിൽ സ്ഥലം കണ്ടെത്തുകയും സ്ക്കൂൾ നിർമാണത്തിന് ആവശ്യമായ മരങ്ങളും മേച്ചിൽപുല്ലുമെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ഒരു നാട്ടുണർന്ന് പ്രവർത്തിച്ചാണ് കണ്ടെത്തിയത്. ആദ്യം പഞ്ചായത്ത് സ്ക്കുളായി ആരംഭിച്ച ഈ  വിദ്യാലയം പിന്നീടാണ് പൂർണമായി ഒരു സർക്കാർ വിദ്യാലയമായി മാറിയത്.

# സന്ദേശം



HM

ചടയമംഗലം ഗവൺമെൻറ്
എംജിഎച്ച്എസ്
സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ തയ്യാറാക്കിയ
സാങ്കേതിക വൈജ്ഞാനിക
രംഗത്തെ മുതൽക്കൂട്ടായ ഈ
മാഗസിന് ഹൃദ്യമായ
ആശംസകൾ നേരുന്നു.

# ഉള്ളടക്കം

1.കഥ

2.കവിത

3.മഹത് വചനങ്ങൾ

4.ചിത്രങ്ങൾ

5.കൗതുക വാർത്തകൾ

6.ലേഖനങ്ങൾ

7.കണ്ടുപിടുത്തങ്ങൾ

8.ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നാൾവഴി

# കഥ

## അത്ഭുത ജീവിയും ഞാനും

(റംസാൻ എ )

ഒരു ദിവസം എന്റെ വീടിന്റെ പിറകിൽ ഉള്ള പൂന്തോട്ടത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ആണ് ഒരു ബഹ്യാകാശവാഹനം അവിടേക്ക് വന്ന് വീഴുന്നത്. എനിക്ക് ആദ്യം പേടിയായി പിന്നീട് ഞാൻ അതിൻ്റെ അടുത്തേക്ക് കൗതുകത്തോടും അതേ സമയം പേടിയോടേയും ഞാൻ അതിന്റെ അടുത്തേക്ക് നടന്നു. അതിൽ നിന്നും ചിലശബ്ദങ്ങൾ കേൾക്കാൻ തുടങ്ങി. ഞാൻ ധൈര്യം സംഭരിച്ച് അതിന്റെ അടുത്തേക്ക് വന്നു. അതിന്റെ വാതിൽ പെട്ടെന്ന് വലിയ ശബ്ദത്തോടെ പൊളിഞ്ഞു വീണു. അതിൽ നിന്ന് രണ്ട് കൊമ്പുകളുള്ള ഒരു ജീവി ഇറങ്ങിവന്നു. അതിന് മുന്നിലൂടെ ഒരു മുയൽ ഓടിപ്പോയി. പെട്ടെന്ന് ആ ജീവി ആ മുയലിന്റെ രൂപം എടുത്തു. പിന്നീട് ഒരു രശ്മി ആ രൂപത്തിൽ നിന്ന് ബഹിരാകാശത്തേക്ക് മിന്നി. എനിക്ക് അത് എന്താണെന്ന് മനസിലായില്ല.ആ ജീവി പെട്ടെന്ന് ബോധം പോയി വീണു. ഞാൻ അതിന്റെ അടുത്തേക്ക് ചെന്നു. പേടിയോടെയാണെങ്കിലും ഞാൻ അതിനെ വീട്ടിൽ കൊണ്ടു പോയി ശുശ്രൂഷിക്കാൻ തുടങ്ങി. ഞാൻ ആ ജീവിയെ പുറം ലോകത്തിന് കാട്ടിക്കൊടുക്കാൻ പേടിച്ചു. എനിക്ക് അറിയാമായിരുന്നു. ഞാൻ അതിനെ പുറംലോകത്തേക്ക് കാട്ടികൊടുത്താൽ അതിന് ഈ ലോകത്ത് സ്വസ്ഥമായി ജീവിക്കാൻ കഴിയില്ല എന്ന്. അതുകൊണ്ട് അതിനെ വെളിയിൽ കാട്ടാൻ ഞാൻ ഭയന്നു. പെട്ടന്ന് ഞാൻ ആ ജീവിയെ നോക്കി കൊണ്ടിരിക്കുന്ന സമയത്താണ് വീട്ടിന്റെ റിംഗ് ബെൽ ആരോ അടിക്കുന്നതായി ഞാൻ കേട്ടു. ഞാൻ വീട്ടിന്റെ മുൻ വാതിൽ തുറന്നു. വിചിത്രസ്വഭാവമുള്ള ഒരു മനുഷ്യൻ പെട്ടെന്ന് അകത്തേക്ക്തള്ളിക്കയറാൻ നോക്കി പക്ഷേ ഞാൻ അതിന് അനുവദിച്ചില്ല. ഞാൻ ദേഷ്യപ്പെട്ട് കാര്യം തിരക്കി. അയാൾ വിഭ്രാന്തിതനായി കാണപ്പെട്ടു, അയാളുടെ സ്വഭാവവും അത്ര പന്തിയായിട്ട് എനിക്ക് തോന്നിയില്ല.

അയാൾ പറഞ്ഞു. അയാളുടെ ഒരു പെറ്റിനെ കാണാതെപോയി അത് ഇവിടെ ആണെന്ന് അയ്യാൾക്ക് സിഗ്നൽ കിട്ടി. അതിനെ കണ്ട്പിടിക്കാനാണ് ഇവിടെ വന്നത് എന്നാണ് അയ്യാൾ പറഞ്ഞത്. ഞാൻ ചോദിച്ചു 'ഏത് പെറ്റാണ്" അയ്യാൾ അതിന് മറുപടിനൽകാൻ തയ്യാറായില്ല. എനിക്ക് സംശയം തോന്നി അയ്യാളെ പുറത്താക്കാൻ ഞാൻ ശ്രമിച്ചു. അയ്യാളുടെ രീതി മാറാൻ തുടങ്ങി അയാൾ അക്രമാസക്തൻ ആകാൻ തുടങ്ങിയപ്പോൾ ഞാൻ പോലീസിനെ വിളിച്ചു. പെട്ടെന്ന് തന്നെ പോലീസ്എത്തി. അയാളെ പിടിച്ച് മാറ്റാൻ നോക്കി അയ്യാൾ പെട്ടെന്ന് അയാളുടെ പോക്കറ്റിൽ നിന്നും ഒരു തോക്ക് പോലത്തെ സാധനം എടുത്ത് എന്നെ ആക്രമിക്കാൻ തുടങ്ങി. പോലീസ് അത് മാഫിയ ആണെന്ന്, അയ്യാളെ പിടിച്ച് വണ്ടിയിൽ കയറ്റി കൊണ്ടു പോയി. ഞാൻ അത് നോക്കി നിന്നു. അതിന് ശേഷം ഞാൻ നേരത്തെ ശുശ്രൂഷിച്ച ആ ജീവിയെ നോക്കാൻ പോയി പക്ഷേ അത് അവിടെ ഉണ്ടായിരുന്നില്ല. പിന്നീട് ഞാൻ അതിനെ അവിടെ യെല്ലാം തിരക്കി. പെട്ടെന്നാണ് ഒരു ട്രാൻസ്പിറന്റ് ജൽ പോലുള്ള രണ്ടു കൊമ്പുള്ള ഒരു ജീവി അവിടെ നിൽക്കുന്നതായി കണ്ടു. അതിന്റെ കണ്ണ് മാത്രം നീല നിറത്തിൽ കാണാം.അത്എന്നെ പേടിച്ച് സോഫയിൽ നിൽക്കുന്നു

ഞാൻ അപ്പോഴാണ് മനസ്സിലാക്കിയത് അതിന്, ഏത് രൂപത്തിലും ഏത് നിറത്തിലും ആയി മാറാനാകും എന്ന കാര്യം. ഞാൻ പേടിയോടെയാണ് എങ്കിലും അതിന്റെ അടുത്തേക്ക് അടുക്കാൻ നോക്കി. അത് ആദ്യം പിറകിലേക്ക് പോകാൻ ശ്രമിച്ചെങ്കിലും പിന്നീട് അത് നിന്നു. ഞാൻ അതിനെ തൊട്ടപ്പോൾ അതിന്റെ ദേഹത്ത് ഒരു പ്രകാശം മിന്നി ആ ജീവി എനിക്ക് അറിയാവുന്ന ഇംഗ്ലീഷും മലയാളവും നല്ലതുപോലെ സംസാരിക്കാൻ തുടങ്ങി. ഞാൻ അതിശയിച്ചു! അത് എന്നോട് സംസാരിക്കുവാൻ ശ്രമിച്ചു. ആ ജീവി ഇവിടെ എത്തി ചേരാനുള്ള കഥയും എനിക്ക് പറഞ്ഞ് തന്നു. ആ ജീവി പറഞ്ഞു ഞാൻ വേറെ ഉപഗ്രഹത്തിലാണ് താമസിച്ചു കൊണ്ടിരുന്നത്. ആ ഗ്രഹത്തിന്റെ പേരാണ്. 'റ്റാക്കോ' സ്വന്തക്കാരും ബന്ധുക്കളുമെല്ലാം സമാധാനമായി ജീവിച്ചുകൊണ്ടിരിക്കുകയായിരുന്

അവർക്ക് ഞങ്ങളുടെ കഴിവുകൾ ചോർത്തിയെടുത്ത് അവരുടെ കഴിവുകൾ കിട്ടണം എന്നത് കൊണ്ടാണ് സൂക്കോപ്ലാന്റ്തമ്മിലുള്ള യുദ്ധത്തിനൊടുവിൽ റ്റാക്കോ പ്ലാനറ്റ് തോൽക്കാറായപ്പോൾ ഞാനൊരു സ്പെയിസ് ഷിപ്പിൽ അവിടെനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. ഞാൻ ആ കാഴ്ച കാണുന്നത്. സൂക്കോ പ്ലാനറ്റിൽ നിന്ന് അവരുടെ നേതാവായ 'സൈക്ലോബും 'അസിസ്റ്റന്റ്' 'വാൾട്ടറും' ഒരു വലിയസ്പേസ്ഷിപ്പ്ൽ കയറി എന്നെ പിന്തുടർന്ന് ഇവിടെ വരെ എത്തി. ഇത്തിരി മുമ്പേ വന്നത് ആണ്. അവർക്ക് എന്റെ ശക്തി കൈക്കൽ ആക്കിയാൽ അവരുടെ ഇഷ്ടത്തിന് ഏത് ഗ്രഹവും കീഴ്പ്പെടുത്താൻ കഴിയും. എന്റെ ഗ്രഹത്തിൽ ഉള്ള ആൾക്കാർ എന്റെ അടുത്ത് പറഞ്ഞത് അവരുടെ എല്ലാവരുടെയും ശക്തി ഒരുമിച്ച് എടുത്താലും
എന്റെ ശക്തിയുടെ പോലും പോകില്ല എന്നാണ്. എന്റെ ശക്തി അവരുടെ കൈയ്യിൽഇരിക്കുന്ന ഒരു ഉപകരണം. എന്റെ തലയിൽ വെച്ചാൽ എന്റെ ശരീരത്ത് നിന്ന് ഒരുമുത്ത് വെളിയിൽ വരും ആ മുത്ത് കൊണ്ട് അവർക് വിചാരിക്കുന്ന ഗ്രഹങ്ങൾ കീഴ്പെടുത്താൻ കഴിയും. പിന്നീട് ആ ജീവി എന്നോട് പറഞ്ഞത് സൈക്ലോബ്, വാൾട്ടർ എന്നിവരുടെ സ്പേസ് ഷിപ്പ്സൂക്കോ പ്ലാനറ്ററിലേക്ക് വിട്ടു. ഇനി ഈ ഭൂമിയുടെ ലൊക്കേഷൻ കൊടുക്കും. അങ്ങനെ അവർ ചെയ്താൽ ഈ ഭൂമിക്ക് ഇത്രയും കൂടാതെ ആജീവി അവന്റെ പേരും പറഞ്ഞ്തന്നു "മിയാക്ക്"

അതിന് വേറൊറ്റ കഴിവ് കൂടിയുണ്ട് ആരെ തൊട്ടാലും അവരുള്ളഓർമ്മകളും, ചിന്തകളും എല്ലാം മിയാക്കിൻ്റെ മനസ്സിൽ വരും എന്നോട് മിയാക് പറഞ്ഞു. അവന് ആ സ്പേസ്ഷിപ്പ് ഇവിടെഅടുത്ത് തന്നെ ഉണ്ട്. എന്നെ പിന്തുടർന്നാൽ മതി ഞാൻ മിയാക്കിനെ പിൻതുടർന്നു. ഒരു കാട്ടിൻ്റെ നടുവിൽ ആ സ്പേസ്ഷിപ്പ് സൂകോയിലേക്ക് പോകാൻ തയ്യാറായി നിൽക്കുന്നു.

സൈക്ലോബും, വാൾട്ടറും സ്പേയ്സ് ഷിപ്പ് സ്റ്റാർട്ട് ചെയ്തു മാറി നിൽക്കുന്നു. ഞാനും മിയാക്കും ഭൂമിക്ക് വേണ്ടി ഞങ്ങളുടെ ഭാവി നോക്കാതെ സ്പേയ്സ്ഷിപ്പ് പെട്ടെന്ന് പോയി കയറി. അതിന്റെ ഓരോ ഭാഗങ്ങളുമായി അകത്തുനിന്ന് നശിപ്പിക്കാൻ തുടങ്ങി.അത് കണ്ട സൈക്ലോബും, വാൾട്ടറും സ്പേസ് ഷിപ്പിന്റെപിറകിൽചിടി കയറാൻ തുടങ്ങി പെട്ടെന്ന് സ്പേസ് ഷിപ്പ് സ്റ്റാർട്ട് ആയി.
സൈക്ലോബും വാൾട്ടറുംഅതിൻ്റെ ചിറകിൽ നിന്ന് തീയിൽപ്പെട്ട് വെന്ത് നശിച്ചു. ഞാനും മിയാക്കും അതിൽ നിന്ന് പെട്ടെന്ന് പറ്റുന്ന അത്രയും ദൂരതേക്ക് എടുത്ത് ചാടി. ചെറിയ പൊള്ളാലോടെ കൂടി ഞാനും മിയാകും രക്ഷപ്പെട്ടു. സൂക്കോപ്ലാനറ്റിൽ പോകാനിരുന്ന സസ്പേയ്സ്ഷിപ്പ് ആകാശത്തേക്ക് ഉയർന്നു. കുറച്ച് സമയത്തിനുള്ളിൽ അത് പൊട്ടിത്തെറിച്ച പിന്നീട് ഞാനും മിയാക്കും സുഖമായി ജീവിച്ചു. മിയാക്കിനെ അപ്പോഴും ആരുടെ കണ്ണിൽപ്പെടാനും അനുവദിച്ചില്ല.

# പിടക്കോഴിയും മുതലയും

(ഗൗതം മാധവ് )

പണ്ട് ഒരു നദീതീരത്തു ചെമ്പി എന്ന് പേരുള്ള ഒരു പിടക്കോഴി താമസിച്ചിരുന്നു. തീറ്റ തേടി അവൾ നദീതീരത്ത് എത്തുക പതിവായിരുന്നു .
ഒരു ദിവസം കുട്ടൻ എന്ന മുതല ചെമ്പിപ്പിടക്കോഴിയുടെ അടുത്തെത്തി. താൻ അവളെ തിന്നാൻ പോവുകയാണെന്ന് പറഞ്ഞു ഭയപ്പെടുത്തി.
പാവം ചെമ്പി താണുകേണു പറഞ്ഞു, "എന്റെ പൊന്നു സഹോദരാ, എന്നെ തിന്നരുതേ!"
ചെമ്പിപ്പിടക്കോഴിയുടെ സഹോദര എന്നുള്ള വിളി കേട്ട കുട്ടൻ മുതല അത്ഭുതപ്പെട്ടു തിരികെപ്പോയി.
ആ വിളിയേക്കുറിച്ചായിരുന്നു മുതലയുടെ പിന്നീടുള്ള ചിന്ത.
അടുത്ത ദിവസവും മുതല നദീതീരത്തെത്തി ചെമ്പിയെ പിടിച്ചു തിന്നുമെന്നു പറഞ്ഞു ഭയപ്പെടുത്തി.
ഇത്തവണയും ചെമ്പിപ്പിടക്കോഴി കരഞ്ഞുകൊണ്ടു പറഞ്ഞു ' സഹോദരാ , അരുത്; എന്റെ പൊന്നുസഹോദരാ അരുത് ".
അവളുടെ "സഹോദരൻ " പോലും! മുതല പിറുപിറുത്തുകൊണ്ട് തിരികെപ്പോയി.
കുട്ടൻമുതല വീണ്ടും ചിന്തിക്കുവാൻ തുടങ്ങി.
ഞാനെങ്ങനെ അവളുടെ സഹോദരാനാകും ! ഞാൻ വെള്ളത്തിലും അവൾ കരയിലും ജീവിക്കുന്നു.
ഏതായാലും ഇന്ന് തിമിംഗലം അണ്ണനെക്കൊണ്ട് സംശയം തീർക്കുക തന്നെ".
പോകുമ്പോൾ വഴിക്കുവെച്ചു കൂട്ടുകാരി ചിന്നുമുതലയെ കണ്ടു. വിവരം അവളോട് പറഞ്ഞു.
"ചിന്നു, ഞാനൊരു കുഴപ്പത്തിലകപ്പെട്ടിരിക്കുകയാ ഈ തീരത്തു വരും. ഞാനവളെ വിഴുങ്ങാനായി തുടങ്ങുമ്പോൾ കരഞ്ഞുകൊണ്ട് അവൾ എന്നെ "സഹോദരാ"എന്ന് വിളിക്കുന്നു. എനിക്കു വയ്യ. ഞാൻ തിമിംഗലം അണ്ണനെ കണ്ട് ഉപദേശം വാങ്ങാൻ പോവുകയാണ് ".
കുട്ടൻമുതലയുടെ സങ്കടംപറച്ചിൽ കേട്ട ചിന്നു പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു "കഷ്ട്ടം ! നിങ്ങൾക്ക് ഇത്ര ബുദ്ധിയില്ലാതെ പോയല്ലോ . നിങ്ങൾ അവളെ തിന്നരുത് . നിങ്ങൾ അവളുടെ സഹോദരൻ തന്നെയാ. മുന്നിത്താറാവും, ഞാനും, കുട്ടിയാമയും, കോങ്കണ്ണി മത്സ്യവും എല്ലാം വെള്ളത്തിൽ ജീവിച്ചു മുട്ടയിടുന്നവരാണല്ലോ . അവൾ കരയിൽ ജീവിച്ചും മുട്ടയിടുന്നു. അങ്ങനെ നോക്കുമ്പോൾ നാമെല്ലാം സഹോദരങ്ങളല്ലേ".
ചിന്നുമുതലയുടെ വാക്കുകൾ കേട്ട കുട്ടൻമുതല മിഴിച്ചിരുന്നുപോയി.
അതിനുശേഷം ഇന്നുവരെ ഒരു മുതലയും പിടക്കോഴികളെ തിന്നിട്ടില്ല



# കവിത

## 1. കൃഷിപ്പാട്ട്

(ഷെഹിന )



തെയ്യാതിനന്താരാ
താരാതിനന്താരാ
തെയ്യാതിനന്താരാ
താരാതിനന്താരാ

സൂര്യനുദിച്ച കണ്ടേ
തെയ്യാതിനന്താരാ
നേരം പുലർന്നുപോയെ
താരാതിനന്താരാ

ഒരുപിടിഞാറെട്ടുത്തേ
തെയ്യാതിനന്താരാ
നട്ടിട്ടും തീരുന്നില്ലേ
താരാതിനന്താരാ

ആദിത്യൻ കതിരുനോക്കിയേ
തെയ്യാതിനന്താരാ
ആദിത്യൻ കതിരുകണ്ടേ താരാതിനന്താര

തെയ്യാതിനന്താരാ
താരനതിനന്താരാ
തെയ്യാ തിനന്താരാ
താരാതിനന്താരാ

ദൈവത്തെ കൈയ്യെട്ടുത്തെ
തെയ്യാ തിനന്താരാ
തമ്പുരാൻ വന്നല്ലോ
താരാതിനന്താരാ

നട്ടിട്ടും തീരുന്നില്ലേ
തെയ്യാതിനന്താരാ
മേനി തളർന്നു പോയേ
താരാതിനന്താരാ

മാനം കറുത്തു പോയേ
തെയ്യാതിനന്താരാ
മാരി ചൊരിഞ്ഞു നിന്നേ
താരാതിനന്താരാ

തെയ്യാതിനന്താരാ
താരാതിനന്താരാ
തെയ്യാതിനന്താരാ
താരാതിനന്താരാ

തെയ്യാതിനന്താരാ...
താരാതിനന്താരാ
തെയ്യാതിനന്താരാ
താരാതിനന്താരാ

# 2. കാട്ടുപക്ഷി

(കാശിനാഥ് എ)



ഒരു പാട്ടു പിന്നെയും
പാടാവോ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പൊകെ
ഇനിയും പറക്കില്ല
ഇന്നതോർക്കാതെയാ
രുമാനം ഉള്ളാൽ
തുടർന്നുകൊണ്ട്
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാൽ ദ്രുമായി
ഒറ്റച്ചിറകിന്റെ
താളമോടെ
ഒരു പാട്ട് വീണ്ടും
തെളിഞ്ഞു പാടുന്നതാ
ചിറകൊടിഞ്ഞുള്ളോരീ
കാട്ടുപക്ഷി

## 3. കാർമേഘം

(സൽമാൻ എ എസ് )



എൻ കാർമേഘമേ....

ഈയുള്ളവൻ ഒരു കാര്യം

ചോദിക്കട്ടെയോ!?

ഈയുള്ള കാലമത്രയും

മഴയായി ഭൂമിയിൽ പതിഞ്ഞ

വീണതെല്ലാം

നിൻ കണ്ണുനീർത്തുള്ളികൾ ആണോ!?

അല്ലയോ ,എൻ കാർമേഘമേ....

നിൻ മിഴിയിൽ നിന്ന്

ഉതിർന്ന വീണ

കണ്ണുനീർത്തുള്ളികൾ ആണോ

നമ്മൾ മഴയെന്ന

പേര് ചൊല്ലി വിളിക്കുന്നത്!?

ദുഃഖത്തിൽ തോണി നീ

തുഴിയുമ്പോൾ യാണോ

നിൻ വെളുപ്പാറ മേനി

കറുപ്പായി രൂപാന്തരപെടുന്നത്!?

നിൻ ദുഃഖം അണപൊട്ടി

വീഴുന്ന വേളയെയാണോ

ഞങ്ങൾ വർഷക്കാലം എന്ന്

വിശേഷിപ്പിക്കുന്നത്!?

# 4. സൗന്ദര്യമാർന്ന രാത്രി

(ഹിബ ബഷീർ )



അമ്പിളിമാമ നിൻ വീട്ടിൽ കല്യാണം

ആണോ ?.....

ആകാശമാകുന്ന നിന്റെ വീട്ടിൽ ദീപാലങ്കരങ്ങൾ

ഏറെയുണ്ടല്ലോ...

അമ്പിളിയമ്മാവാ നിൻ മകളുടെ വൈര്യങ്ങൾ ചുറ്റും

വാരി വിതറിയിക്കുന്നത് എന്തേ നീ.....?

ഓരോ നിശയും ആ വൈര്യങ്ങളുടെ സൗന്ദര്യ

എടുക്കുന്നുവോ നീയാൽ സൗന്ദര്യവതി ആയിരിക്കുന്നു

ഓരോ രാത്രിയും ....

# മഹത് വചനങ്ങൾ

(അഫ്നാൻ എ
നാദിയ എസ് )

1. ധനവും പദവിയും അധികാരവുമില്ല. ആവശ്യം ഹൃദയ ശുദ്ധിയാണ്.

Ans: സ്വാമി വിവേകാനന്ദൻ

2. വിജയിക്കാൻ ഞാനെടുത്തിട്ടുള്ള തീരുമാനത്തിന് കരുത്ത് ഉണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല.

Ans: എ. പി. ജെ അബ്ദുൽ കലാം

3. ചെയ്യാവുന്നതിൽ നല്ലതിന് ചെയ്യുക നാളെ അതിലും മെച്ചമായത് ചെയ്യാം.

Ans: സർ ഐസക് ന്യൂട്ടൻ

4. ഞാൻ ഭാവിയെ പറ്റി ചിന്തിക്കാറില്ല അത് വേഗം വന്നെത്തുന്നു.

Ans: ആൽബർട്ട് ഐൻസ്റ്റീൻ

5. സത്യാന്വേഷിയുടെ ആത്മീയ അന്വേഷണത്തിന്റെ ഭാഗമാണ് നിശബ്ദത.

Ans: മഹാത്മാഗാന്ധി

6. വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക.

Ans: പി. എൻ. പണിക്കർ

7. വളരെയധികം ചിന്തിക്കുക കുറച്ചു മാത്രം സംസാരിക്കുക അതിലും കുറച്ച് എഴുതുക.

Ans: എബ്രഹാം ലിങ്കൻ

8. സ്വന്തം മനസാണ് തിന്മ ചെയ്യുന്നത് : അത് മനസ്സിൽ ജന്മം കൊള്ളുന്നു.മനസ്സ് അതിന് കാരണമായി തീരുന്നു.

Ans: ശ്രീ. ബുദ്ധൻ


9. മതമേതായാലും മനുഷ്യൻ നന്നായിയിരിക്കനം.

Ans. ശ്രീ. നാരായണഗുരു

# കവിത: കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിലെപ്പോഴും നിന്റെ ഈ
പുഞ്ചിരി ഒന്നുമാത്രം മഴവില്ല് പോലെ നീ മനസ്സിൽ
തെളിയുമ്പോൾ ഉണരുന്നു എന്നിലെ മോഹങ്ങളും ചിതറി
തെറിക്കുന്ന ചിന്തകളിലെപ്പോഴും നിന്റെ ഈ പുഞ്ചിരി ഒന്നു
മാത്രം മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും കൃഷ്ണതുളസി
കതിർത്തുമ്പ് മോഹിക്കും നിന്റെ ഈ വാർമുടി ചുരുളിൽ
എത്താൻ പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നെ അരികിലെത്താൻ മണമില്ല മധുമില്ല
പൂജക്കെടുക്കില്ല താനേ വളർന്നൊരു കാട്ടു പൂവാണു
ഞാൻ വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജയ്ക്കെടുക്കാത്ത കാട്ടു പൂവാണു ഞാൻ
ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി നിത്യവും നിൻ
മുമ്പിൽ എത്തിടുമ്പോൾ നിന്റെ കൊലുസിന്റെ നാദങ്ങളിൽ
ഞാൻ താനേ മറന്നൊന്നു നിന്നിടുന്നു ഒന്നും പറയാതെ
അറിയാതെ പോയിരുന്നു ഇഷ്ടമല്ലെന്നൊരു വാക്കു നീ
ചൊല്ലിയാൽ  വൃഥമായ്  പോകുമെൻ ജീവിതം നീ നടക്കും
വഴിയോരത്ത് എന്നെ കണ്ടാൽ ചിരിക്കാതെ പോകരുതേ
നീ നടക്കും വഴിയോരത്തെന്നെ കണ്ടാൽ ചിരിക്കാതെ
പോകരുത് നിന്റെ ഈ പുഞ്ചിരി മാത്രം മതി എനിക്ക്
ഇനിയുള്ള കാലം കാത്തിരിക്കാൻ നിന്റെ ഈ പുഞ്ചിരി
മാത്രം മതി എനിക്കിനിയുള്ള കാലം കാത്തിരിക്കാൻ
ഇനിയുള്ള കാലം കാത്തിരിക്കാം ഇനിയുള്ള കാലം
കാത്തിരിക്കാൻ

(ശബരി നാഥ് )






(അനഘ എം )
(അൽത്താഫ് എൻ )

# കൗതുക വാർത്ത

## സ്വഭാവം മാറ്റും ബാക്ടീരിയ

(ആർച്ച എസ് ഉണ്ണി)
(മാളവിക എസ് ആർ )

ഉത്കണ്ഠയും പേടിയുമൊക്കെ അനുഭവപ്പെടുമ്പോൾ വയറിൽ പൂമ്പാറ്റകൾ ചിറകിട്ടടിക്കുന്നതു പോലെ ഒരു തോന്നൽ ഉണ്ടാക്കാറില്ലേ? "Butterflies in Stomach" എന്നാണ് ഇതിനു പേര്. വയറും മനസ്സും തമ്മിലുള്ള ബന്ധത്തിനുള്ള ഉദാഹരണങ്ങളിലൊന്നാണിത്. 'രണ്ടാം മസ്തിഷ്കം' എന്നൊരു വി ശേഷണവും ചിലർ വയറിന് നൽകാറുണ്ട്! മനസ്സും വയറുമായി ബാക്ടീരിയ വഴിയും ബന്ധപ്പെട്ടിരിക്കുന്നുണ്ട്!

നമ്മുടെ കുടലിൽ ധാരാളം ബാക്ടീരിയ (Gut Bacteria) ഉണ്ടെന്നറിയാമല്ലോ. കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് പോഷകങ്ങൾ വേർതിരിക്കാനും മറ്റു ഈ ബാക്ടീരിയവലിയ സഹായമാണ്ചെയ്യുന്നത്.എന്നാൽ ഇതിനു പുറമേ, നമ്മുടെ ചിന്തകളെയും സ്വഭാവത്തെയും ഒക്കെ സ്വാധീനിക്കാൻ കഴിവുള്ളവരാണ്ഈ ബാക്ടീരിയ. 1822– ൽ വെടിയേറ്റ് വയറ്റിൽ മുറിവ് പറ്റിയ ഒരാളെ ചികിത്സിച്ച അമേരിക്കൻ സൈനിക ഡോക്ടർ william beaumont ആണ് ആദ്യമായി ദഹനേന്ദ്രിയ വ്യവസ്ഥയും മാനസികാവസ്ഥയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിപ്പിച്ചത് ഗ്യാസ്ട്രിക് ഫിസിയോളജിയുടെ (gastricphysiology) പിതാവ് എന്നാണ് അദ്ദേഹം ഇന്ന് അറിയപ്പെടുന്നത്.

Lactobacillus rhamnosus എന്നാ ബാക്ടീരിയയെ ഉപയോഗിച്ച് ഗവേഷകർ എലികളിൽ ചില പരീക്ഷണങ്ങൾ നടത്തിയിരുന്നു ഈ ബാറ്ററിയിലേക്ക് ഭയം, പിരിമുറുക്കം തുടങ്ങിയ വികാരങ്ങളെ നിയന്ത്രണ വിധേയമാക്കാൻ കഴിവുണ്ടെന്ന് വെടികളിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചു. സീബ്ര മത്സ്യങ്ങളിൽ നടത്തിയ പരീക്ഷണങ്ങൾ പ്രകാരം പ്രോ ബയോട്ടിക്കുകൾ അവയെ ഊർജ്ജസ്വലതയുള്ളവയാക്കു കുന്നതായി കണ്ടിട്ടുണ്ട്. ആന്റിബയോട്ടിക്കുകൾ ഈ മത്സ്യത്തിൽ മാന്ദ്യവുംഉണ്ടാക്കുന്നു. മനുഷ്യന്റെ മസ്തിഷ്കം ഈ ജീവികളുടെ അതിനേക്കാൾ സങ്കീർണവും വ്യത്യസ്തവും ആണെങ്കിലും നിരവധി സാമ്യങ്ങളും ഉണ്ട്. ഈ വിഷയത്തിലുള്ള ഗവേഷണങ്ങൾ സൈക്കോബയോട്ടിക്സ് (psychobiotics) എന്ന പുതിയ പഠനശാഖയ്ക്ക് തുടക്കമിട്ടു കഴിഞ്ഞു.

മനസ്സിന് ശാന്തത പകരാനും കാര്യങ്ങൾ മനസ്സിലാക്കി എടുക്കാൻ ഉള്ള കഴിവ് മെച്ചപ്പെടുത്താനും ഒക്കെ ബ്യൂട്ടിറേറ്റ് എന്ന സാറ്റി ആസിഡ് ഉത്പാദിപ്പിക്കുക Deprission, schizophrenia തുടങ്ങിയവയ്ക്ക് ബാക്ടീരിയ പഠനങ്ങളിലൂടെ മെച്ചപ്പെട്ട ചികിത്സാരീതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞേക്കു

# ധ്രുവദീപ്തി

(നസ്മി എം)
(മുഹമ്മദ് സുഹൈൽ എസ് )

ഭൂമിയിൽ മറ്റെവിടെയുമില്ലാത്ത ഭംഗി യാണ് ധ്രുവപ്രദേശങ്ങളിലെ രാത്രി കൾക്ക്. ചില രാത്രികളിൽ ആകാശ ത്ത് വർണങ്ങളുടെ മേളമായിരിക്കും! വിവിധ നിറങ്ങളിലുള്ള പ്രകാശം വാരിവിതറി ഒരുക്കുന്ന ഈ അത്ഭുത പ്രതിഭാസത്തിന് ധ്രുവദീപ്തി (Aurora) എന്നാണ് പേര്.

സൂര്യനിൽനിന്നു വരുന്ന ചാർജ് ചെയ്യപ്പെട്ട സൗരകണങ്ങൾ ഭൂമി യുടെ കാന്തികമണ്ഡലത്തിൽ അതി വേഗത്തിൽ വന്നിടിക്കുമ്പോഴാണ് ധ്രുവദീപ്തി രൂപപ്പെടുന്നത്. അന്തരീ ക്ഷത്തിന്റെ തെർമോസ്ഫിയർ പാളി യിലാണ് ഇത് കാണപ്പെടുക. ഉത്ത രധ്രുവത്തിൽ കാണപ്പെടുന്ന ധ്രുവദീപ്തിയാണ് അറോറ ബൊറിയാ ലി (Aurora Borealis) അഥവാ നോർതേൺ ലൈറ്റ് ആകാശത്ത് ചുവപ്പും പച്ചയും നിറമുള്ള പ്രകാശം കാണപ്പെടുന്ന ഈ പ്രതിഭാസം മാർച്ച്–ഏപ്രിൽ മാസങ്ങ ളിലും സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളി ലുമാണ് കാണാനാവുക. പ്രശസ്ത ഇറ്റാലിയൻ ജ്യോതിശാസ്ത്രജ്ഞനായ ലിയോ ഗലീലിയാണ് ഉത്തരധ്രുവത്തിലെ ധ്രുവദീപ്തിക്ക് 1619–ൽ അറോറ ബൊറിയാ ലിസ് എന്ന പേരു നൽകിയത്. ഉദയത്തിന്റെ റോമൻ ദേവനായ അറോറയുടെയും വട ക്കൻ കാറ്റിന്റെ ഗ്രീക്ക് ദേവനായ ബൊറിയ സിന്റെയും പേരുകൾ ചേർത്താണ് അറോറ ബൊറിയാലിസ് എന്ന പേരുണ്ടായത്.

ദക്ഷിണധ്രുവത്തിൽ കാണുന്ന ധ്രുവ ദീപ്തിയാണ് അറോറ ഓസ്ട്രേലിസ് (Aurora Australis) സതേൺ ലൈറ്റ്സ്. പച്ച, ചുവപ്പുനിറത്തിൽ പലപല ആകൃതികളിലായാണ് ഇതു കാണപ്പെടുക. ന്യൂസീലൻഡ്, ഓസ്ട്രേലിയ, ചിലി, അർജ ന്റീന തുടങ്ങിയ രാജ്യങ്ങളിലെ ചില പ്രദേശ ങ്ങളിലും ഇതു കാണാം.

വിനോദസഞ്ചാരി കളെ ആകർഷിക്കുന്ന കാഴ്ചയാണിത്.
ഭൂമിയിൽ മറ്റെവിടെയുമില്ലാത്ത ഭംഗി യാണ് ധ്രുവപ്രദേശങ്ങളിലെ രാത്രി കൾക്ക്. ചില രാത്രികളിൽ ആകാശ ത്ത് വർണങ്ങളുടെ മേളമായിരിക്കും! വിവിധ നിറങ്ങളിലുള്ള പ്രകാശം വാരിവിതറി ഒരുക്കുന്ന ഈ അത്ഭുത പ്രതിഭാസത്തിന് ധ്രുവദീപ്തി (Aurora) എന്നാണ് പേര്.
സൂര്യനിൽനിന്നു വരുന്ന ചാർജ് ചെയ്യപ്പെട്ട സൗരകണങ്ങൾ ഭൂമി യുടെ കാന്തികമണ്ഡലത്തിൽ അതി വേഗത്തിൽ വന്നിടിക്കുമ്പോഴാണ് ധ്രുവദീപ്തി രൂപപ്പെടുന്നത്. അന്തരീ ക്ഷത്തിന്റെ തെർമോസ്ഫിയർ പാളി യിലാണ് ഇത് കാണപ്പെടുക. ഉത്ത രധ്രുവത്തിൽ കാണപ്പെടുന്ന ധ്രുവ ദീപ്തിയാണ് അറോറ ബൊറിയാ ലി (Aurora Borealis)അഥവാ നോർതേൺ ലൈറ്റ് ആകാശത്ത് ചുവപ്പും പച്ചയും നിറമുള്ള പ്രകാശം കാണപ്പെടുന്ന ഈ പ്രതിഭാസം മാർച്ച്–ഏപ്രിൽ മാസങ്ങ ളിലും സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളി ലുമാണ് കാണാനാവുക. പ്രശസ്ത ഇറ്റാലിയൻ ജ്യോതിശാസ്ത്രജ്ഞനായ ലിയോ ഗലീലിയാണ് ഉത്തരധ്രുവത്തിലെ ധ്രുവദീപ്തിക്ക് 1619–ൽ അറോറ ബൊറിയാ ലിസ് എന്ന പേരു നൽകിയത്. ഉദയത്തിന്റെ റോമൻ ദേവനായ അറോറയുടെയും വട ക്കൻ കാറ്റിന്റെ ഗ്രീക്ക് ദേവനായ ബൊറിയ സിന്റെയും പേരുകൾ ചേർത്താണ് അറോറ ബൊറിയാലിസ് എന്ന പേരുണ്ടായത്. ദക്ഷിണധ്രുവത്തിൽ കാണുന്ന ധ്രുവ ദീപ്തിയാണ് അറോറ ഓസ്ട്രേലിസ് (Aurora Australis) സതേൺ ലൈറ്റ്സ്. പച്ച, ചുവപ്പുനിറത്തിൽ പലപല ആകൃതികളിലായാണ് ഇതു കാണപ്പെടുക. ന്യൂസീലൻഡ്, ഓസ്ട്രേലിയ, ചിലി, അർജന്റീന തുടങ്ങിയ രാജ്യങ്ങളിലെ ചില പ്രദേശ ങ്ങളിലും ഇതു കാണാം. വിനോദസഞ്ചാരി കളെ ആകർഷിക്കുന്ന കാഴ്ചയാണിത്.

# ലേഖനം

(അക്ഷയ് പി എസ് )
(ആരതി എ )

## ബാക്ടീരിയ എന്ന ഉപകാരി

കട്ടപ്പമേറിയ മരങ്ങളെ ചിതലുകൾ തിന്നു നശിപ്പിക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ? ചിതലിൻ്റെ വിരുതൊന്നുമല്ല അത്. മരത്തെ ദഹിപ്പിക്കാൻ ശേഷിയുള്ള ജീവികളല്ല, ചിതലുകൾ. അവയുടെ വയറിനുള്ളിൽ (Trichorympha) എന്ന ഒരിനം സൂക്ഷ്മജീവികൾ ഉണ്ട്. അവയുടെ ഉള്ളിൽ കഴിയുന്ന(cellulase) എന്ന ദഹനരസം (Enzyme) ഉൽപാദിപ്പിക്കും. എൻസൈം ആണ് ചിതലിൻ്റെ ഉള്ളിലെത്തുന്ന മരത്തെ വിഘടിപ്പിക്കുന്നത്. അതായത്, ചിതലിന്റെ ദഹനവും ട്രൈക്കോ നിംഫയുടെയും ബക്ടീരിയയുടെയും കാര്യങ്ങളും ഒന്നിച്ച നടക്കമെന്നർഥം.

ഇങ്ങനെ മറ്റു ജീവജാലങ്ങളുമായുള്ള പരസ്പര ബന്ധത്തിലൂടെ അതിജീവനം നടത്തുന്നതിയാണ് സിംബയോസിസ് (symbiosis) അഥവാ പരസ്പരജീവനം എന്നു വിളിക്കുന്നത്.

മറ്റു ജീവജാലങ്ങളും ഒത്തുള്ള പരസ്പരബന്ധത്തിലൂടെ തൻ്റെ കാര്യങ്ങൾ ബാക്ടീരിയയാണ് സിംബയോട്ടിക് പയർ വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളുടെ വേരുമുഴകളിൽ ജീവിക്കുന്ന റൈസോബിയ (Rhizobia) എന്നയിനം ബല്ടീരിയമണ്ണിലേക്ക് നൈട്രജൻ എത്തുന്ന ( nitrogen fixing) പ്രക്രിയയെ സഹായിക്കുന്നു. പവിഴപ്പുറ്റും ബാക്ട്ടിരികളും തമ്മിൽ പരസ്പരം സഹായിച്ചുള്ള ജീവിതം മറ്റൊരുദാഹരണമാണ്.

കടയിൽ ആഴത്തിലുള്ള ഉഷ്ണജലസ്രോതസ്സുകൾക്ക് സമീപം കാണപ്പെടുന്ന കക്കളും ബാക്ടീരിയയും ഒന്നിച്ച് പരസ്പരജീവിതം നയിക്കുന്നവരാണ്. ഉഷ്ണജല സ്രോതസ്സിലെ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് ബാക്ടീരിയ കക്കകൾക്കായി ജൈവസംയുക്തങ്ങൾ നിർമ്മിച്ചു കൊടുക്കും. കക്കകൾ ബാക്ടീരിയയ്ക്ക് ആവശ്യമായ പോഷകങ്ങൾ നൽകുന്നു സ്വന്തം ശരീരങ്ങളിൽ വാസസ്ഥലം ഒരുക്കുകയും ചെയ്യുന്നു.
നമ്മുടെ ശരീരത്തിനകത്ത് കഴിയുന്ന ബാക്ടീരിയകളിൽ മിക്കതും ഉപകാരികളാണ്. അല്ലാത്തവയെ സാധാരണഗതിയിൽ നമ്മുടെ പ്രതിരോധ വ്യവസ്ഥ ആന്റിബോഡികൾ ഉത്പാദിച്ച് തടയും. രോഗകാരികളായ ബാക്ടീരിയയെ പത്തോജനുകൾ (pathogens) എന്നു വിളിക്കുന്നു മനുഷ്യരിൽ മാത്രമല്ല, മൃഗങ്ങളിലും ബാക്ടീരിയ രോഗകാരണമാകാറുണ്ട്. ഇവ കാരണം മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ മനുഷ്യരിലേക്കും പകരാം. മൃഗജന്യരോഗങ്ങൾ (zoonoses) എന്നാണ് പറയുക. അന്ത്രാക്സ്, ക്ഷയം എന്നിവയാണിതിന് ഉദാഹരണങ്ങൾ. മൃഗങ്ങളിൽ എന്നപോലെ സസ്യങ്ങളിലും ബാക്ടീരിയ രോഗം പടർത്താറുണ്ട്

# ചിന്തകൾ

(അഭിനന്ദ് എ )
(അൻഹ ഫാത്തിമ എ )

*നിങ്ങൾക്ക് സൂര്യനെ പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ പോലെ കത്തിജ്വലിക്കുക

എപിജെ അബ്ദുൽ കലാം

*സമാധാനം ഒരു പുഞ്ചിരിയിൽ തുടങ്ങുക

മദർ തെരേസ

*ഭാവി പ്രവചിക്കാൻ ഏറ്റവും നല്ല വഴി അത് സ്വയം നിർമ്മിച്ചെടുക്കുക എന്നതാണ്

എബ്രഹാം ലിങ്കൺ

*ചെയ്യാവുന്നതിൽ നല്ലത് ചെയ്യുക നാളെ അതിലും മെച്ചമായത് ചെയ്യാം

സർ ഐസക് ന്യൂട്ടൻ

*ചിന്തയാണ് നമ്മെ രൂപപ്പെടുത്തുന്നത് നമുക്ക് വില നിശ്ചയിക്കുന്നതും അതുതന്നെയാണ്

ശ്രീബുദ്ധൻ

*സ്വപ്നം,സ്വപ്നം, സ്വപ്നം, സ്വപ്നങ്ങൾ ചിന്തകളായി രൂപാന്തരപ്പെടുന്നു, ചിന്തകൾ പ്രവർത്തനത്തിൽ കലാശിക്കുന്നു

എപിജെ അബ്ദുൽ കലാം

*ഇന്ന് ചെയ്യാവുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി

ഗാന്ധിജി

# ശാസ്ത്രജ്ഞരും അവരുടെ കണ്ടുപിടുത്തങ്ങളും

(നൗഫിയ എൻ എസ്)
(നാദിയ എസ്)

1. ബൾബ് കണ്ടുപിടിച്ചതാര്?

– Thomas Alva Edison

2. റേഡിയോ കണ്ടുപിടിച്ചതാര്?

– Guglielmo Marconi

3. ടെലിവിഷൻ കണ്ടുപിടിച്ചതാര്?

– Philo Farnsworth

4. ഇന്റർനെറ്റ് കണ്ടുപിടിച്ചതാര്?

– Vinton Cerf and Bob Kahn

5. മൊബൈൽ ഫോൺ കണ്ടുപിടിച്ചതാര്?

– Martin Cooper

6. ടെലിഫോൺ കണ്ടുപിടിച്ചതാര്?

– Alexander Graham Bell

7. ടെലിസ്കോപ്പ് കണ്ടുപിടിച്ചതാര്?
– Galileo Galilei

# കടങ്കഥകൾ

(മദീന എൻ എ )
(റുഷ്ദ ഫാത്തിമ )
(സ്വാലിഹ )

• ആരും ആഗ്രഹിക്കാത്ത പണം?
ഉത്തരം : ആരോപണം

• ആരും ഇഷ്ടപപ്പെടാത്ത ദേശം?
ഉത്തരം : ഉപദേശം

• അടിവെച്ച് അടിവെച്ച് കയറ്റം കിട്ടുന്ന ജോലി?
ഉത്തരം : തെങ്ങുകയറ്റം

• വിഷപ്പുള്ള രാജ്യം?
ഉത്തരം :ഹംഗറി

• ലൈസെൻസ് ഇല്ലാത്ത ഡ്രൈവർ ആരാണ്?
ഉത്തരം : സ്ക്രൂഡ്രൈവർ

• ഏതുഭാഷയും എഴുതാൻ പറ്റുന്ന കണ്ടുപിടിത്തം?
ഉത്തരം : പേന

• ഗ്രഹങ്ങളിൽ വെച്ച് ഏറ്റവും അപകടകാരിയായ ഗ്രഹം?
ഉത്തരം : അത്യാഗ്രഹം

• തൊലി കളഞ്ഞാൽ പേര് മാറുന്ന സാധനം ഏത്?
ഉത്തരം : നെല്ല്

• എത്രത്തോളം വെളുക്കുന്നുവോ അത്രത്തോളം വൃത്തികേടാകുന്നതെന്ത്?
ഉത്തരം : ബ്ലാക്ക് ബോർഡ്

• കണ്ണുള്ളവർക്കും കണ്ണില്ലാത്തവർക്കും ഒരുപോലെ കാണാവുന്നതെന്ത്?
ഉത്തരം : സ്വപ്നം

# Digital painting

Pravil T R
Sidharth BS





# കണ്ടുപിടുത്തങ്ങൾ

(നവമി കൃഷ്ണ )
(നാദിയ എൻ )

1. ബൾബ് കണ്ടുപിടിച്ചതാര്?

– Thomas Alva Edison

2. റേഡിയോ കണ്ടുപിടിച്ചതാര്?

– Guglielmo Marconi

3. ടെലിവിഷൻ കണ്ടുപിടിച്ചതാര്?

– Philo Farnsworth

4. ഇന്റർനെറ്റ് കണ്ടുപിടിച്ചതാര്?

– Vinton Cerf and Bob Kahn

5. മൊബൈൽ ഫോൺ കണ്ടുപിടിച്ചതാര്?

– Martin Cooper

6. ടെലിഫോൺ കണ്ടുപിടിച്ചതാര്?

– Alexander Graham Bell

7. ടെലിസ്കോപ്പ് കണ്ടുപിടിച്ചതാര്?

– Galileo Galilei

## ചിന്തു പാട്ട്

വിനീത

ഒരുപിടിഞാറെട്ടുത്തേ
തെയ്യാതിനന്താരാ
നട്ടിട്ടും തീരുന്നില്ലേ
താരാതിനന്താരാ

ആദിത്യൻ കതിരുനോക്കിയേ
തെയ്യാതിനന്താരാ
ആദിത്യൻ കതിരുകണ്ടേ താരാതിനന്താര

തെയ്യാതിനന്താരാ
താരനതിനന്താരാ
തെയ്യാ തിനന്താരാ
താരാതിനന്താരാ

ദൈവത്തെ കൈയ്യെടുത്തെ
തെയ്യാ തിനന്താരാ
തമ്പുരാൻ വന്നല്ലോ
താരാതിനന്താരാ

നട്ടിട്ടും തീരുന്നില്ലേ
തെയ്യാതിനന്താരാ
മേനി തളർന്നു പോയേ
താരാതിനന്താരാ

മാനം കറുത്തു പോയേ
തെയ്യാതിനന്താരാ
മാരി ചൊരിഞ്ഞു നിന്നേ
താരാതിനന്താരാ

തെയ്യാതിനന്താരാ
താരാതിനന്താരാ
തെയ്യാതിനന്താരാ
താരാതിനന്താരാ

തെയ്യാതിനന്താരാ...
താരാതിനന്താരാ
തെയ്യാതിനന്താരാ
താരാതിനന്താരാ

# ലിറ്റിൽകൈറ്റ്സ് നാൾവഴികൾ

## ശേഖരണം

അഹമ്മദ് നജാദ്

അനശ്വര ബി

റിയ ഫാത്തിമ

അഫ്ന എൻ എസ്

ജഗൻ ജിത്ത്

ഹന്നാ ഷാജഹാൻ

# 'അമ്മ അറിയാൻ













class for differently abled





# Freedom fest











# Sathyameva Jayathe







# *Expert class*












## ലിറ്റിൽ കൈറ്റുകൾ പ്രൈമറി തലത്തിൽ ബ്ലോക്ക് പ്രോഗ്രാമിങ്ങുമായി








ഗവ. എം. ജി. എച്ച്. എസ്. എസ്, ചടയമംഗലം
നവരസ
2023
ഏകദിന ശില്പശാല
2023 ഫെബ്രുവരി 25 ശനിയാഴ്ച രാവിലെ 9 മണിമുതൽ













# വലിയമല LPSC സന്ദർശിച്ചപ്പോൾ

# നന്ദി...